**A** | शिक्षा का अधिकार | **502**

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 5 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1**

'പാത്തുമ്മായുടെ ആട്' എന്ന പാഠഭാഗം ഓർമ്മയിലുണ്ടല്ലോ. അത് എഴുതിയ കഥാകാരന്റെ ചരമദിനമാണ് ജൂലായ് 5. ഇതോടനുബന്ധിച്ച് ഒരു വിദ്യാലയത്തിലെ കുട്ടികൾ തയാറാക്കിയ ഒരു ചുമർപത്രികയാണ് താഴെക്കൊടുത്തത്.

**ഇമ്മിണി ബല്യ കഥാകാരൻ**

1908 ജനുവരി 19 ന് വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ ജനിച്ചു.



എ. ചുമർപത്രികയിലെ വിവരങ്ങളും നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ഉൾപ്പെടുത്തി വൈക്കം മുഹമ്മദ് ബഷീറിന്റെ **ജീവചരിത്രക്കുറിപ്പ്** തയ്യാറാക്കുക.

- ആകർഷകമായ തുടക്കം
- ചുമർപത്രികയിൽ കണ്ടപോലെ ഒരു നല്ല തലക്കെട്ട്
- ഖണ്ഡിക തിരിക്കൽ

എന്നിവ ഉറപ്പാക്കി ഒരു പേജിൽ കവിയാതെ എഴുതുമല്ലോ.

ബി. താഴെ കൊടുത്തവയിൽ നിന്നും പാത്തുമ്മായുടെ ആട് എന്ന നോവലിലെ ഒരു കഥാപാത്രത്തെ കണ്ടെത്തി എഴുതുക.

(ലൈല, ഗ്രേസി, കുഞ്ഞാലു)

**പ്രവർത്തനം 2**

കോയസ്സൻ എന്ന കഥയിലെ ചില സംഭാഷണ ഭാഗങ്ങൾ വായിക്കൂ.

> "കുഞ്ഞിനെ സൈ്വര്യം കെടുത്തണ്ട" നോക്കൂ.
>
> "ഈ കുതിരക്കോയസ്സനെ ആദ്യം അടിച്ചു പുറത്താക്കണം എന്നാലേ അപ്പുവിന്റെ സ്വഭാവം നേരെയാകൂ."
>
> "ഇങ്ങനെ വികൃതി കാണിച്ചാൽ തല്ലുകൊള്ളും. കുതിരക്കോയസ്സൻ ഉണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ പുറം പൊളിഞ്ഞതുതന്നെ".
>
> 'കോയസ്സൻ പോയി എന്നു കേട്ടപ്പോൾ അപ്പുവിന് വലിയ വ്യസനമായി.'
>
> അപ്പുവിനെ നിങ്ങൾക്കറിയാമല്ലോ? കോയസ്സൻ ഏറ്റവും ഇഷ്ടപ്പെടുന്ന അപ്പു. അരിച്ചക്കര തിന്നുന്ന അപ്പു.

എ. കഥ വായിക്കുന്ന ഏതൊരാളുടെ മനസ്സിലും തങ്ങി നിൽക്കുന്ന ഒരു കഥാപാത്രമാണ് അപ്പു.

- കഥയിലെ അപ്പുവിന്റെ സ്ഥാനം
- സ്വഭാവ സവിശേഷതകൾ
- കോയസ്സനുമായുള്ള അടുപ്പം

ഇവയെല്ലാം ഉൾപ്പെടുത്തി ഖണ്ഡിക തിരിച്ച് ഒരു പേജിൽ കവിയാതെ **കഥാപാത്ര നിരൂപണം** എഴുതുക.

ബി. മാതൃകപോലെ മാറ്റി എഴുതുക.

താമരക്കുളം - താമര, കുളം

കുതിരപ്പന്തി - .............. , ..............

പ്രവർത്തനം 3



ഇന്ത്യയ്ക്ക് അഭിമാന നിമിഷം

ഇന്ത്യ-1, ഗൂഗിൾ-1, പൂനെ വിദ്യാർത്ഥികൾ-1, അമേരിക്ക-13, ജർമ്മനി-2, കാനഡ-1, ഇന്തോനേഷ്യ-1 തുടങ്ങി 20 ഉപഗ്രഹങ്ങൾ

വൻകിട രാജ്യങ്ങളെ അപേക്ഷിച്ച് പത്തിലൊന്ന് ചെലവ് മാത്രം

ജൂൺ 22, 2016 രാവിലെ 9.26 ന് വിക്ഷേപണം

ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ സ്പെയ്സ് സെന്ററിൽ നിന്നു വിക്ഷേപണം

20 ഉപഗ്രഹങ്ങൾ ഒന്നിച്ച് ചരിത്രത്തിലാദ്യമായി

ഐ.എസ്.ആർ.ഒ.യുടെ വിജയം

ഉപഗ്രഹ വിക്ഷേപണ രംഗത്ത് ചരിത്രം കുറിച്ച ഇന്ത്യയുടെ പി.എസ്.എൽ.വി. 34 എന്ന റോക്കറ്റിന്റെ ചില വിവരങ്ങളാണ് തന്നിട്ടുള്ളത്. ഇവ ഉൾപ്പെടുത്തി വിക്ഷേപണത്തിന്റെ പിറ്റേന്ന് പത്രത്തിൽ വരാനിടയുള്ള ഒരു വാർത്ത തയാറാക്കുക.

4. പ്രവർത്തനം 4

'അനന്തവിഹായസ്സിലേക്ക്' എന്ന പാഠം യൂറിഗഗാറിന്റെ ബഹിരാകാശ യാത്രയെക്കുറിച്ചാണല്ലോ പറയുന്നത്. രേഷ്മ എന്ന കുട്ടി എഴുതിയ യാത്രാവിവരണത്തിന്റെ ഒരു ഭാഗം വായിക്കാം.

ഊട്ടിയിലെ പ്രശസ്തമായ ഷൂട്ടിംഗ് ലൊക്കേഷൻ. കുഞ്ഞുകുഞ്ഞ് മഞ്ഞപ്പൂക്കൾ കൊണ്ട് പൊട്ടിട്ട പുൽമേടുകൾ. കുന്നിന്റെ മുകളിൽ നിന്ന് നോക്കുമ്പോൾ നോക്കെത്താദൂരത്തോളം പച്ചപ്പരവതാനി വിരിച്ചിട്ട പോലെ തേയിലത്തോട്ടങ്ങൾ. അടിവാരത്ത് കല്ലുകൾക്കിടയിലൂടെ ഒഴുകുന്ന നീർച്ചോല. ശരീരമാകെ കുളിരു കോരിയിടുന്ന ഇളം തെന്നൽ. ദൂരെ സവാരിക്കായി കാത്തു നിൽക്കുന്ന കുതിരകൾ. എത്ര മനോഹരം.

- ഇതിലെ എന്തെല്ലാം സവിശേഷതകളാണ് നിങ്ങൾ ശ്രദ്ധിച്ചത്?
- ഒരു യാത്രാവിവരണം തയാറാക്കുമ്പോൾ മറ്റെന്തെല്ലാം കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണം?

എ. നിങ്ങൾ നടത്തിയ ഏതെങ്കിലും ഒരു യാത്രയെക്കുറിച്ച് വിവരണം തയാറാക്കുക.

- സ്ഥലം, കാലം, സംഭവങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ
- കാഴ്ചകൾ, ശബ്ദങ്ങൾ, ഗന്ധങ്ങൾ തുടങ്ങിയ അനുഭവങ്ങളുടെ തീവ്രത
- നിങ്ങൾ കണ്ട സ്ഥലത്തിന്റെ മറ്റു പ്രത്യേകതകൾ

എന്നിവ ഉൾപ്പെടുത്തുമല്ലോ.

ബി. ചുവടെ കൊടുത്തവയിൽ നിന്നും ഒരു യാത്രാവിവരണകൃതി കണ്ടെത്തി എഴുതുക.

(നൈൽ ഡയറി, മഞ്ഞ്, സുന്ദരികളും സുന്ദരന്മാരും)

**പ്രവർത്തനം 5**

എ. മലയാള നാടേ ജയിച്ചാലും എന്ന കവിത ആസ്വദിച്ചില്ലോ. മറ്റൊരു കവിത വായിക്കാം.

> അലയാഴികൾ തഴുകുന്ന മലയാളക്കരയിൽ
> മലനിരകൾ മതിലിട്ട മലയാളക്കരയിൽ
> പെരിയാറും പേരാറും കുളിരേകും മണ്ണിൽ
> തലമുറതൻ പടവുകൾ നാം ചാടിക്കടന്നു
> തിരുവോണം പൂവിതറും മലയാളക്കരയിൽ
> തിരുവാതിര കൈകൊട്ടും മലയാളക്കരയിൽ
> കഥകളിയും പടയണിയും കളിയാടും മണ്ണിൽ
> കുരുമുളകും ചന്ദനവും മണമോലും മണ്ണിൽ
> പെരുനാളുകൾ ശിവരാത്രികൾ തുടികൊട്ടും മണ്ണിൽ
> പുതുമകളാ, ലൊരുമയിൽ നാം മുന്നോട്ടുവന്നു
> കരുണരസം കരകവിയും കവനങ്ങളാലേ
> കവികളിവർ സമതയുടെ സന്ദേശം പാടി.
>
> *- ഇയ്യങ്കോട് ശ്രീധരൻ*

- കവിതയിൽ പറയുന്ന നമ്മുടെ നാടിന്റെ സവിശേഷതകൾ
- സവിശേഷതകൾ വിവരിക്കുന്നതിനായി കവി ഉപയോഗിച്ച പദങ്ങൾ, പ്രയോഗങ്ങൾ
- മറ്റു പ്രത്യേകതകൾ
- ഈ കവിത വായിക്കുമ്പോൾ ഓർമ്മ വന്ന സമാനകവിതകൾ

ഇവയെല്ലാം ഉൾപ്പെടുത്തി ഈ കവിതയ്ക്ക് ഒരു **ആസ്വാദനക്കുറിപ്പ്** തയ്യാറാക്കുക.

ബി. 'ഫലിതത്തിൻ തൈലം പകർന്നു.....' മലയാള നാടേ ജയിച്ചാലും എന്ന കവിതയിലെ ഈ വരിയിൽ ആരെക്കുറിച്ചുള്ള സൂചനയാണ് ഉള്ളത്?

(എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ)

****